## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*527.** **20.11.2019 ൽ മറുപടിയ്ക്ക്**

**മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുവാനുള്ള ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യം സംസ്ഥാനത്ത് ഗുരുതരമായ ഒരു സാമൂഹിക വിപത്തായി മാറിയെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഈ വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | മദ്യം സംസ്ഥാനത്ത് ഗുരുതരമായ ഒരു സാമൂഹിക വിപത്തായി മാറിയിട്ടില്ല. മദ്യവർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി സർക്കാർ ലഹരിവർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു |
| (ബി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടലുകൾ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തലങ്ങളിലെന്ന് വിശദമാക്കുമോ? | (ബി) | ഉണ്ട്. മദ്യവർജ്ജനത്തിനും ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനും വേണ്ടി സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും കാര്യക്ഷമമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തേക്കാൾ വളരെയേറെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ 507 ഉം സ്കൂൾ തലത്തിൽ 3438 ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്<br>ലഹരി വിരുദ്ധ ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മറ്റി എന്നിവയുമായി നിരന്തര ആശയ വിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപങ്ങളുടെ |

| | | | |
|---|---|---|---|
| | | | ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി. എന്നിവയുമായി സഹകരിച്ച്കൊണ്ട് വിദ്യാർഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.<br>വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.<br>"നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തി അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരികയാണ്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളും കേന്ദ്രീകരിച്ച് വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ലഹരിവർജ്ജന പ്രചരണ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**